# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6351 | 08..11..2016 -ൽ മറുപടിയ്ക്ക്

## എൽ.ബി.എസിൽ ഗസ്റ്റ് ലക്ച്ചറർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ഡി.പ്രസേനൻ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) എൽ.ബി.എസിൽ ഗസ്റ്റ് ലക്ച്ചറർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) എൽ.ബി.എസ്. സെന്റർ നടത്തി വരുന്ന വിവിധ കോഴ്സുകൾക്ക് അദ്ധ്യാപകരായി ഗസ്റ്റ് ലക്ച്ചറർമാരെ നിയമിക്കുന്നതിന് കോഴ്സുകൾക്കനുസരിച്ചുള്ള മാനദണ്ഡങ്ങളാണുള്ളത്.<br>പി.ജി.ഡി.സി.എ. കോഴ്സ് പഠിപ്പിക്കുന്നതിലേയ്ക്കായി എം.ടെക്/ബി.ടെക്./എം.സി.എ. ബിരുദവും, ഇവരുടെ അഭാവത്തിൽ പി.ജി.ഡി.സി.എ. ഫസ്റ്റ് ക്ലാസിൽ പാസ്സായവരേയും പരിഗണിക്കുന്നതാണ്.<br>കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് യൂസിംഗ് ടാലി പഠിപ്പിക്കുന്നതിന് എം.കോം+ ഡി.സി.എഫ്.എ.+ ഒരുവർഷത്തെ പ്രവർത്തി പരിചയം |

| | | | |
|---|---|---|---|
| | | | ഉള്ളവരെയാണ് പരിഗണിക്കുന്നത്. ഹാർഡ്‌വെയർ കോഴ്സുകൾ പഠിപ്പിക്കുന്നതിന് ബി.ടെക് ഇൻ കമ്പ്യൂട്ടർ സയൻസ് ബിരുദധാരി കളെയും ഇവരുടെ അഭാവത്തിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ് ഉള്ളവരെയും നിയമിക്കാറുണ്ട്. |
| (ബി) | ഗസ്റ്റ് ലക്ചറർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട്, ഇന്റർവ്യൂവിൽ പങ്കെടുത്ത്, മെരിറ്റിൽ ആദ്യസ്ഥാനത്തെത്തിയ വർക്ക്, മുൻകാലത്ത് കരാർ വ്യവസ്ഥയിൽ പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടെന്നുള്ള കാരണ ത്താൽ നിയമനം നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുൻകാലത്ത് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടാൽ ഒഴിവാക്കണമെന്നുള്ള ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം വ്യക്ത മാക്കാമോ? | (സി) | അത്തരം ഉത്തരവുകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ